ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ

10 (*385)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടായിരുന്നുവോ;

(സി) ഇപ്പോൾ ഇത്തരത്തിലുള്ള ടെർമിനൽ സ്ഥാപിക്കുന്ന പ്രോജക്ടുമായി ആരെങ്കിലും മുന്നോട്ടു വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കൊച്ചിയിൽ ഒരു ലികിഫൈഡ് നാച്യുറൽ ഗ്യാസ് ടെർമിനൽ സ്ഥാപിക്കുവാൻ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി പങ്കാളിത്തത്തോടുകൂടിയുള്ള ഒരു കമ്പനി (പെട്രോനെറ്റ്-എൽ.എൻ.സി) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ പ്രോജക്ടിൽ കെ.എസ്.ഐ.ഡി.സി. ഓഹരിപങ്കാളിത്തം എടുക്കാൻ സന്നദ്ധത കാണിച്ചിട്ടുണ്ട്.

(ബി) അറിവില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങളായ ഒ.എൻ.ജി.സി., ഗെയിൽ, ഐ.ഒ.സി, ബി.പി.സി.എൽ., എന്നിവയുടെ സംയുക്ത സഹകരണത്തോടെ സ്ഥാപിതമായ പെട്രോനെറ്റ് എൽ.എൻ.ജി. എന്ന കമ്പനി കൊച്ചിയിലെ പുതുവൈപ്പിനിൽ ഒരു എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പണികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) കൊച്ചിയിൽ സ്ഥാപിക്കുന്ന ടെർമിനലിന്റെ വാർഷിക സ്ഥാപിതശേഷി 25 ലക്ഷം ടൺ ആണ്. മുതൽമുടക്ക് ഏകദേശം 1600 കോടി രൂപയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള 50 ഹെക്ടർ സ്ഥലം ഈ ടെർമിനലിനു വേണ്ടി പാട്ടാടിസ്ഥാനത്തിൽ വിട്ടുകൊടുക്കുവാൻ തീരുമാനമായിട്ടുണ്ട്. 2002-ൽ ടെർമിനലിന്റെ പണി തീരുമെന്ന് പ്രതീക്ഷിക്കുന്നു.

നിർദ്ധനരായിട്ടുള്ള പെൺകുട്ടികളുടെ വിവാഹം നടത്തുവാനുള്ള പദ്ധതി

11 (*386)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായിട്ടുള്ള പെൺകുട്ടികളുടെ വിവാഹം സമൂഹവിവാഹ പദ്ധതിയിലൂടെ നടത്തി കൊടുക്കാൻ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം ചെയ്യിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly